പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 338

04.02.2013-ൽ മറുപടിക്ക്.

## പോലീസ് വകുപ്പിലെ വാഹനക്ഷാമം പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. എ. അസീസ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പോലീസ് വകുപ്പിൽ, വാഹനങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ, ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | : (എ) & (ബി)<br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ; സംസ്ഥാന പോലീസ് വകുപ്പിന്റെ കീഴിലുള്ള കാലപ്പഴക്കം ചെന്ന 1388 വാഹനങ്ങൾ ഘട്ടംഘട്ടമായി 2 വർഷത്തിനുള്ളിൽ മാറ്റി പുതിയത് വാങ്ങുന്നതിനും അതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം 403 പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി ഈ സാമ്പത്തിക വർഷം ആവശ്യമായ തുകയിൽ 15 കോടി രൂപ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. ബാക്കി തുകയായ 11.28 കോടി രൂപ 2013 മാർച്ച് മാസത്തിലെ ഉപധനാഭ്യർത്ഥനകളിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതാണ്. |
| (സി) പോലീസ് വകുപ്പിന്റെ കീഴിൽ പതിനഞ്ച് വർഷത്തിലധികം പഴക്കമുള്ള എത്ര വാഹനങ്ങളുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | : (സി) പോലീസ് വകുപ്പിന്റെ കീഴിൽ പതിനഞ്ച് വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങളുടെ ഇനംതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു: |

| | | |
| --- | --- | --- |
| 1. | ബുള്ളറ്റ് പ്രൂഫ് അംബാസിഡർ കാർ | 5 |
| 2. | എം & എം. ജീപ്പ് | 49 |
| 3. | മഹീന്ദ്ര ഓമ്നി വാൻ | 1 |
| 4. | ആംബുലൻസ് | 1 |
| 5. | മാരുതി ജിപ്സി | 1 |
| 6. | ബസുകൾ | 12 |
| 7. | ഓപ്പൺ ലോറി | 5 |
| 8. | റിക്കവറി വെഹിക്കിൾ | 4 |
| 9. | മോട്ടോർ സൈക്കിളുകൾ/സ്കൂട്ടറുകൾ | 20 |
| 10. | ബോട്ടുകൾ | 2 |

| | |
|---|---|
| (ഡി) ഇവ മാറ്റി, പുതിയവ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | : (ഡി) നടപടികള്‍ സ്വീകരിച്ചുവരുന്നു. |

സെക്ഷന്‍ ഓഫീസര്‍